പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2542

12/06/2018 - ൽ മറുപടിക്ക്

## സഹകരണ പരീക്ഷാ ബോർഡിന്റെ പ്രവർത്തനം

ചോദ്യം

ശ്രീ.ഹൈബി ഈഡൻ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | സഹകരണ പരീക്ഷാ ബോർഡിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) | ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിനായി ഹാൾടിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കാൻ മൊബൈലിൽ പരീക്ഷാ കേന്ദ്രം, തീയതി, സമയം, രജിസ്റ്റർ നമ്പർ എന്നിവ സന്ദേശമായി നൽകുന്നു. പരീക്ഷ കഴിഞ്ഞതിനു ശേഷം ഉദ്യോഗാർത്ഥികൾക്ക് ചോദ്യക്കടലാസും ഉത്തര കടലാസിന്റെ കാർബൺ കോപ്പിയും നൽകുന്നു. പരീക്ഷ കഴിഞ്ഞ് പരീക്ഷാ ബോർഡിന്റെ വെബ്സൈറ്റിൽ ഉത്തരസൂചിക പ്രസിദ്ധീകരിക്കുന്നു. ഉത്തര സൂചികയിൽ തെറ്റുണ്ടെങ്കിൽ അറിയിക്കുന്നതിനായി ഏഴു ദിവസത്തെ സമയവും ഉദ്യോഗാർത്ഥികൾക്ക് അനുവദിക്കുന്നു. ആയത് പരിശോധിച്ച് അന്തിമ ഉത്തര സൂചിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. ടി ഉത്തരസൂചികയുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കാവുന്ന മാർക്ക് അവർക്ക് തന്നെ പരിശോധിക്കാൻ കഴിയുന്നു. പരീക്ഷയ്ക്കും അഭിമുഖത്തിനും ശേഷം പരീക്ഷയ്ക്ക് ലഭിച്ച മാർക്ക് അഭിമുഖത്തിന് ലഭിച്ച മാർക്ക്, ആകെ മാർക്ക് എന്ന രൂപത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പരീക്ഷ ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത ബോർഡു വഴി എത്ര നിയമനങ്ങൾ നടത്തിയെന്ന് | ബി) | 663 ജൂനിയർ ക്ലാർക്ക്/കാഷ്യർ (ജൂനിയർ സൂപ്പർവൈസർ, സീനിയർ ക്ലാർക്ക്) തസ്തികകളിലേക്കും 57 സെക്രട്ടറി (ജനറൽ മാനേജർ, ചീഫ് അക്കൗണ്ടന്റ്, അസിസ്റ്റന്റ് സെക്രട്ടറി/മാനേജർ) തസ്തികകളിലേക്കും 4 |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | ടൈപ്പിസ്റ്റ് തസ്തികകളിലേക്കുമുള്ള നിയമന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>265 ജൂനിയർ ക്ലാർക്ക്/കാഷ്യർ തസ്തികകളിലേക്കും 35 സെക്രട്ടറി (ജനറൽ മാനേജർ, അസിസ്റ്റന്റ് ജനറൽ മാനേജർ, അസിസ്റ്റന്റ് സെക്രട്ടറി/മാനേജർ, ഇന്റേണൽ ആഡിറ്റർ, ബ്രാഞ്ച് മാനേജർ) തസ്തികകളിലേക്കുമുള്ള എഴുത്തു പരീക്ഷ യഥാക്രമം 2018 മെയ് 5, 6 തീയതികളിൽ നടത്തിയിട്ടുള്ളതും ആയതിന്റെ മൂല്യനിർണ്ണയ നടപടികൾ നടന്നു വരുന്നതുമാകുന്നു.<br><br>2018 ജൂൺ 23, 24 തീയതികളിൽ നടത്തുന്ന പരീക്ഷകൾ<br>ടൈപ്പിസ്റ്റ് - 2 ഒഴിവുകൾ<br>ഡാറ്റാ എൻട്രി ഓപ്പറേറ്റർ -25 ഒഴിവുകൾ<br>സിസ്റ്റം അഡ്മിനിസ്ട്രേറ്റർ - 12 ഒഴിവുകൾ |
| സി) | നിലവിൽ സഹകരണ പരീക്ഷാ ബോർഡ് ഏതൊക്കെ വിഭാഗത്തിൽപ്പെട്ട സഹകരണ സംഘങ്ങളിലെ നിയമനമാണ് നടത്തുന്നതെന്ന് വിശദമാക്കാമോ; | സി) | പ്രാഥമിക ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, അർബൻ ബാങ്കുകൾ, ഹൗസിംഗ് സഹകരണ സൊസൈറ്റികൾ എന്നീ സംഘങ്ങളിൽ നേരിട്ട് നിയമനം നടത്തപ്പെടുന്ന ജൂനിയർ ക്ലാർക്ക് മുതൽ മുകളിലേക്കുള്ള എല്ലാ തസ്തികകളിലേക്കും എഴുത്തുപരീക്ഷ നടത്തുന്നതിനാണ് പരീക്ഷാ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| ഡി) | വായ്പേതര സഹകരണ സംഘങ്ങളിലെ നിയമനം കൂടി സഹകരണ പരീക്ഷാ ബോർഡിന്റെ കീഴിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | ഡി) | ഇക്കാര്യം സർക്കാർ ആലോചിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ